കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ./കെ.എൻ.ആർ./സി.3/1928/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in

തീയതി. 10.12.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്

സെക്രട്ടറി (മുഖാന്തിരം)

തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ 2-1 ഖണ്ഡികയിലേയ്ക്കും ഭാഗം 3-ലെ 3-3 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഏയിംസിൽ)

2)അസി.ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ./കെ.എൻ.ആർ./സി.3/1928/2018 തീയ്യതിഃ 10.12.2018

## കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ബ്ലോക്ക്പഞ്ചായത്ത് 3.11.17 മുതൽ 6.10.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്

യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. അശോകൻ മഠത്തിൽ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 8-10-2018 മുതൽ 15-10-18 വരെ |

ബി) ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ. ഷാജു തോമസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അനൂപ് കെ കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ധന്യ എം | ഓഡിറ്റർ |
| ശ്രീ. പ്രമോദ് കെ | ഓഡിറ്റർ |

സി) നിർവഹണ അധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ടി ലത | 1-4-17 To 31-3-18 |
| സെക്രട്ടറി | ശ്രീ. സുരേശൻ എം | 1-4-17 To 31-3-18 |

ഡി) നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ബിജോയ് കെ എൻ | 1-4-17 to 17-9-17 |
| | ശ്രീ.രാഗേഷ് പി | 18-9-17 to 31-3-18 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സജീവൻ കെ | 1-4-17 to 31-3-18 |
| അസിസ്റ്റന്റ് ഡയറക്ടർ കൃഷി | ശ്രീ.ഇസ്മയിൽ പി കെ | 1-4-17 to |

| | | |
|---|---|---|
| | | 31-3-18 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി ഇ ടി സാവിത്രി | 1-4-17 to 9-7-17 |
| | ശ്രീ.രാധാകൃഷ്ണൻ ഒ പി | 10-7-17 to 31-3-18 |
| മെഡിക്കൽ ഓഫീസർ. CHC | ശ്രീമതി സ്നേഹലത പോള | 1-4-17 to 31-3-18 |
| ശിശു വികസന ഓഫീസർ | ശ്രീമതി രജിഷ കെ.വി. | 1-4-17 to 19-7-17 |
| | ശ്രീമതി ശാന്ത ടി. | 20-7-17 to 24-7-17 |
| | ശ്രീമതി പ്രീത പി.എം. | 25-7-17 to 31-3-18 |
| ശിശു വികസന ഓഫീസർ അഡീഷണൽ I തളിപ്പറമ്പ | ശ്രീമതി വിദ്യാകുമാരി എ. | 1-4-17 to 31-3-18 |
| ശിശു വികസന ഓഫീസർ അഡീഷണൽ II ആലക്കോട് | ശ്രീമതി ഷീജ എൽ | 1-4-17 to 29-6-17 |
| | ശ്രീമതി ശ്രീലത പി.കെ. | 30-6-17 to 19-7-17 |
| | ശ്രീമതി സജിത പി.വി. | 20-7-17 to 31-3-18 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ഗോപാലകൃഷ്ണൻ പി.വി. | 1-4-17 to 31-3-18 |
| ഡയറി ഡവലപ്മെന്റ് ഓഫീസർ | ശ്രീമതി മൗറീൻ ജേക്കബ് തോമസ് | 1-4-17 to 28-2-18 |
| | ശ്രീമതി ട്വിങ്കിൾ മാത്യു | 1-3-18 to 31-3-18 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് പരിശോധന | 1-9 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | വ്യവസായ എസ്റ്റേറ്റ് – വാടക ഈടാക്കൽ അപാകതകൾ | 2-1 |
| | ഭാഗം 3 ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | മെറിട്ടോറിയസ് സ്കോളർഷിപ്പ്- സബ്സിഡി മാർഗ്ഗരേഖയിലുള്ളതിനേക്കാൾ അധികം തുക അനുവദിച്ചു | 3-1 |
| 14 | ടാർ ബിൽ- സർക്കാർ ഉത്തരവ് പാലിച്ചില്ല. | 3-2 |
| 15 | നെല്ലിപ്പറമ്പിൽ കളിസ്ഥലത്ത് സ്പോർട്സ് ഉപകരണങ്ങളുടെ സ്റ്റോർ റൂം നിർമ്മാണം - 14,26,465 രൂപയുടെ ചെലവ് പാഴാകുന്നു. ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. | 3-3 |
| 16 | ഭവനനിർമാണ വായ്പാതിരിച്ചടവ് തുക യഥാസമയം വായ്പാഅക്കൗണ്ടിൽ വരവ് വെക്കുന്നില്ല | 3-4 |

| | | |
|---|---|---|
| | | |
| 16 | സ്കോളർഷിപ്പ് വിതരണം- സർക്കാർ നിർദേശം പാലിക്കുന്നില്ല | 3-5 |
| 17 | പൊതുശ്മശാനം നിർമാണം - ബ്ലോക്ക് വിഹിതം നൽകിയത്- പ്രവൃത്തിപൂർത്തീകരിച്ചിട്ടില്ല. | 3-6 |
| 18 | വിവിധ പദ്ധതികൾക്ക് വിഹിതം നൽകൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല. | 3-7 |
| 19 | യാത്രാബത്ത മുൻകൂർ ക്രമീകരിക്കുന്നില്ല. | 3-8 |
| 20 | ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-9 |
| 21 | കരാർ ഒപ്പിടാൻ കാലതാമസം | 3-10 |
| 22 | സംയുക്തപ്രോജക്ടുകൾ | 3-11 |
| | ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 23 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 26 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 27 | സ്ഥിര നിക്ഷേപം | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 30 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 33 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 34 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 35 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 36 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27-3-17 തീയതിയിലെ 202/16-17 നമ്പർ തീരുമാനപ്രകാരം 2017-18-ലെ ബജറ്റ് താഴെ ചേർത്തിരിക്കുന്ന വിധം അംഗീകരിച്ചു.

| | |
|---|---|
| ഒ.ബി. | ഇല്ല |
| വരവ് | 41,83,85,000 |
| ചെലവ് | 41,64,74,000 |
| നീക്കിയിരിപ്പ് | 19,11,000 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-18 | 23-6-18 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 12-7-18 to 13-17-18 | KSA/KNR/C-3/1541/18 Dt. 29-8-18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21418723 |
| വരവ് | 118586477 |
| ആകെ | 140005200 |
| ചെലവ് | 114832629 |

| | |
|---|---|
| | |
| നീക്കിയിരിപ്പ് | 25172571 |

## 1-5 ഫണ്ട് വിനിയോഗം

<table>
<tr><td colspan="2">ഇനം</td><td>മുന്നിരിപ്പ്</td><td>വരവ്</td><td>ആകെ</td><td>ചെലവ്</td><td>നീക്കിയിരിപ്പ്</td></tr>
<tr><td colspan="2">വികസന ഫണ്ട് ജനറൽ</td><td></td><td>54648139</td><td>54648139</td><td>37016104</td><td>17632035</td></tr>
<tr><td colspan="2">വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)</td><td></td><td>12151570</td><td>12151570</td><td>8347686</td><td>3803884</td></tr>
<tr><td colspan="2">വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)</td><td></td><td>116000</td><td>116000</td><td>116000</td><td>0</td></tr>
<tr><td colspan="2">മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)</td><td></td><td>6958000</td><td>6958000</td><td>4336143</td><td>2621857</td></tr>
<tr><td colspan="2">കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)</td><td>-</td><td>-</td><td>-</td><td>-</td><td>-</td></tr>
<tr><td colspan="2">TSC</td><td>1162806</td><td>921025</td><td>2083831</td><td>803409</td><td>1280422</td></tr>
<tr><td colspan="2">IAY</td><td>15205112</td><td>32683403</td><td>47888515</td><td>37069711</td><td>10818804</td></tr>
<tr><td colspan="2">വരൾച്ച ദുരിതാശ്വാസം</td><td>-</td><td>19862116</td><td>19862116</td><td>19862116</td><td>0</td></tr>
<tr><td rowspan="2">ജോയിന്റ് വെഞ്ചർ അക്കൗണ്ട്</td><td>ഗ്രാമപഞ്ചായത്ത്</td><td></td><td>784000</td><td>784000</td><td>0</td><td>784000</td></tr>
<tr><td>ജില്ലാ പഞ്ചായത്ത്</td><td></td><td>4500000</td><td>4500000</td><td>0</td><td>4500000</td></tr>
<tr><td colspan="2">ബി ഫണ്ട് (മിശ്രവിവാഹിതർക്കുള്ള</td><td></td><td>180000</td><td>180000</td><td>180000</td><td>0</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| ധനസഹായം, സാമൂഹ്യക്ഷേമവകുപ്പ്) | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 3507443 | 3283335 | 358769 | 2924566 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 119 | 107195125 | 81 | 49815933 | 38 | - | 64 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 584.27 | 929379 | 929963.27 | 929344.5 | 618.77 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-10-17 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ബാലൻസ് ഇല്ല

## 1-9 ആഭ്യന്തരനിയന്ത്രണം

റജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ കൂടുതൽ കാര്യക്ഷമത പുലർത്തേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ തനത് ഫണ്ട് ചെലവുകളുടെ വൗച്ചറുകൾ കൃത്യമായി നമ്പരിട്ട് സീരിയൽ ക്രമത്തിൽ അടുക്കിവച്ച് സൂക്ഷിച്ചിട്ടില്ല. ഘടകസ്ഥാപനങ്ങളുടെ വൗച്ചറുകൾ സൂക്ഷിക്കുന്നതിലും വീഴ്ചകൾ ഉണ്ടായിട്ടുണ്ട്. ഈ കാര്യങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.3.18 | 2016-17 | 7.9.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | തീയ്യതി ലഭ്യമല്ല | 2009 to 2013-14 | 30.7.15 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1.കേരളോത്സവം ഗ്രാന്റിനത്തിൽ 35000 രൂപ വരവ് വന്നത് 19.5.18 നാണ് എങ്കിലും 2017-18 വർഷത്തെ RP-31 ൽ കാണിച്ചിരിക്കുന്നു
2.ജോയിന്റ് വെഞ്ചർ പ്രോജക്ടിനായി ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 6284000 രൂപ ട്രഷറി അക്കൗണ്ടിൽ വരവ് വന്നിട്ടുണ്ട്. എന്നാൽ RP-1 ൽ 6284100 എന്നാണ് കാണിച്ചിരിക്കുന്നത്
3.IAY ഷെയറായി റജിസ്റ്റർ പ്രകാരം 32910277 രൂപയെന്നും, RP-31 ൽ 32683403 രൂപയെന്നുമാണ് വരവായി കാണിച്ചിരിക്കുന്നത്.
4.റീടെൻഷൻ തുക റജിസ്റ്റർ പ്രകാരം 205662 രൂപയും, RP-34 പ്രകാരം 152894 രൂപയുമാണ്.
5.RP-40(b) പ്രകാരം 48221 രൂപ പഞ്ചാബ് നാഷണൽ ബാങ്കിൽ നീക്കിയിരിപ്പുള്ളതായി കാണിച്ചിട്ടുണ്ടെങ്കിലും, അങ്ങനെയൊരു അക്കൗണ്ട് നിലവിലില്ല
6.Advance To Others എന്ന ഇനത്തിലുള്ള 587446 രൂപയുടെ വരവ് പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല
7.വാടക റജിസ്റ്ററിൽ സംക്ഷിപ്തമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാടക ഇനത്തിലുള്ള വരവ് പരിശോധിക്കാൻ സാധിച്ചിട്ടില്ല
8.ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല
9.പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ തയ്യാറാക്കിയിട്ടില്ല

10.ബാലൻസ് ഷീറ്റിലെ B-4 ഷെഡ്യൂളിൽ വിവിധ ഇനങ്ങളിലായി 2,23,90,453 രൂപ നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നു. ആയത് വിനിയോഗിക്കാത്ത പക്ഷം തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വ്യവസായ എസ്റ്റേറ്റ് - വാടക ഈടാക്കൽ - അപാകതകൾ

1. വാടക കൃത്യമായി ഈടാക്കുന്നില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ വ്യവസായ എസ്റ്റേറ്റുകളിലെ വാടകമുറികളിൽ നിന്നുള്ള വാടക കൃത്യമായി ഈടാക്കുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | റൂം നമ്പർ | വാടകക്കാരന്റെ പേര് | ഒടുക്കാനുള്ള കാലയളവ് (2018 മാർച്ച് വരെ) | ഒടുക്കാനുള്ള തുക(2018 മാർച്ച് വരെ) |
|---|---|---|---|---|---|
| 1 | ധർമ്മശാല മിനി വ്യവസായ എസ്റ്റേറ്റ് | 519(2,3,4) | ലെജീഷ് | 1/2017 മുതൽ | 4500*15=67500 |
| 2 | ധർമ്മശാല മിനി വ്യവസായ എസ്റ്റേറ്റ് | 536(b) | സോഫിയ സി.കെ | 1/18-മുതൽ | 1500*3=4500 |
| 3 | ധർമ്മശാല | 392 | തങ്കം പച്ച | 12/17 മുതൽ | 4*1100=4400 |

| | | | | | |
|---|---|---|---|---|---|
| | മിനി വ്യവസായ എസ്റ്റേറ്റ് | | | | |
| 4 | നെല്ലിപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് | 278 | കെ.പി കമറുദ്ദീൻ | 10/17 മുതൽ | 6*4500=27000 |
| 5 | നെല്ലിപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് | 467 | കെ.അംബിക | 3/2018 | 1*2250=2250 |
| 6 | നെല്ലിപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് | 458 | കെ.അംബിക | 3/2018 | 1*3000=3000 |
| 7 | നെല്ലിപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് | 462 | ഒ.വി രാജൻ | 9/2016 | 7*1500=10500<br>12*3300=39600 |
| 8 | നെല്ലിപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് | 281` | എ.ഷമീർ | 3/2014 മുതൽ | 49*2000=98000 |
| 9 | നെല്ലിപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് | 459 | രതീഷ്കുമാർ പി.ആർ | 3/2018 | 2600*1=2600 |
| 10 | നെല്ലിപ്പറമ്പ് മിനി വ്യവസായ എസ്റ്റേറ്റ് | 453 | അബ്ദുൾ റഷീദ്.പി | 9/2014 മുതൽ | 31*2000=62000<br>12*3000=36000 |
| 11 | നെല്ലിപ്പറമ്പ് മിനി | | കുറ്റ്യേരി നാളികേര ഉൽപ്പാദന സംഘം | 4/17 മുതൽ | 1000*12=12000<br>1000*10(വാടക |

| | | | | | |
|---|---|---|---|---|---|
| | വ്യവസായ എസ്റ്റേറ്റ് | | | | ഡെപ്പോസിറ്റ്)=10000 |
| 12 | കുറുമാത്തൂർ വ്യവസായ എസ്റ്റേറ്റ് | 226 | കെ.പി അബ്ദുൾ നാസർ | 4/2014 മുതൽ | 36*2000=72000<br>12*2500=30000 |
| 13 | കുറുമാത്തൂർ വ്യവസായ എസ്റ്റേറ്റ് | 227 | കെ.പി അബ്ദുൾ നാസർ | 4/2014 മുതൽ | 36*1500=54000<br>12*2300=27600 |
| 14 | കുറുമാത്തൂർ വ്യവസായ എസ്റ്റേറ്റ് | 250 | ബാലകൃഷ്ണൻ നമ്പ്യാർ | 12/2016 മുതൽ | 4*2000=8000<br>12*2400=28800 |
| 15 | കുറുമാത്തൂർ വ്യവസായ എസ്റ്റേറ്റ് | 229 | എം.മുഹമ്മദ് ഷബീർ | 3/2014- മുതൽ | 37*1500=55500<br>12*2000=24000 |
| 16 | നെല്ലിപ്പാറ മിനി വ്യവസായ എസ്റ്റേറ്റ് | 355 | സി.ജെ ജോൺസൺ | 9/2009മുതൽ 11/2011 വരെ | 27x1500 = 40500 |
| 17 | നെല്ലിപ്പാറ മിനി വ്യവസായ എസ്റ്റേറ്റ് | 177 | ബാബു തോമസ് | 12/17 മുതൽ | 4*2250=9000 |
| 18 | നെല്ലിപ്പാറ മിനി വ്യവസായ എസ്റ്റേറ്റ് | 326(1) | കെ.എം തോമസ് | 7/17 മുതൽ | 9*3000=27000 |
| 19 | നെല്ലിപ്പാറ മിനി വ്യവസായ എസ്റ്റേറ്റ് | 326(H) | ജോസ് തോമസ് | 11/2014 മുതൽ | 29*1500=43500<br>12*2250=27000 |
| 20 | നെല്ലിപ്പാറ മിനി വ്യവസായ എസ്റ്റേറ്റ് | 326(I) | കെ.കെ.കൃഷ്ണൻകുട്ടി | 7/2016 മുതൽ | 9*1500=13500<br>12*3000=36000 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | | | | ആകെ | 8,75,750 |

കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച പരാമർശമുണ്ടായിട്ടുണ്ടെങ്കിലും ആയത് പരിഹരിച്ചതായി കാണുന്നില്ല. വാടക കുടിശ്ശിക ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/17-18, തീ. 15.10.18) മറുപടിയായി വ്യവസായ സംരംഭകരെ 2018 സപ്തംബർ മാസം അവസാന വാരം നേരിൽ കണ്ട് കുടിശ്ശിക വാടക ഒടുക്കാൻ അറിയിപ്പ് നൽകിയിട്ടുണ്ടെന്നും വാടക കുടിശ്ശിക അടച്ചില്ലെങ്കിൽ കർശന നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. വാടക പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതി കൈക്കൊണ്ട നടപടികൾ എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

2.വാടകകെട്ടിടങ്ങൾക്ക് നിയമാനുസൃത വാടകവർദ്ധനവ് വരുത്തിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടത്തിലെ മുറികൾ അനുവദിച്ച് കൊടുക്കുന്നത് സംബന്ധിച്ച നിയമാവലിയിലെ 6-ാം നമ്പർ വ്യവസ്ഥ പ്രകാരം മുറി ലഭിക്കുന്ന ആൾക്ക് ആദ്യത്തെ മൂന്ന് വർഷം വാടക വർദ്ധനവില്ലാതെ കരാർ പുതുക്കി മുറി ഉപയോഗിക്കാവുന്നതും തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിക്ക് നിലവിലുള്ള വാടകയുടെ 5 മുതൽ 15 ശതമാനം വരെ അധികം നിശ്ചയിച്ച തുടർ വർഷങ്ങളിൽ കൈവശക്കാരന് തന്നെ മുറികൾ നൽകാവുന്നതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ധർമ്മശാല മിനി വ്യവസായ എസ്റ്റേറ്റിൽ 2011 മുതൽ വാടകക്ക് നൽകിയ കെട്ടിടങ്ങൾക്ക് ഇതുവരെ വർദ്ധനവ് വരുത്തികാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 6/15.10.2018) മറുപടിയായി വാടക ഉടൻ വർദ്ധിപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ സംരംഭകരെ 2018 സപ്തംബർ മാസം അവസാന വാരം നേരിൽ കണ്ട് കുടിശ്ശിക വാടക ഒടുക്കാൻ അറിയിപ്പ് നൽകിയിട്ടുണ്ടെന്നും വാടക കുടിശ്ശിക അടിച്ചില്ലെങ്കിൽ കർശന നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വാടക സംബന്ധിച്ച നിയമാവലിയിലെ വ്യവസ്ഥകൾ പ്രകാരം വാടക വർദ്ധനവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നിയമാവലി ബ്ലോക്ക് പഞ്ചായത്ത് തന്നെ ലംഘിക്കുന്ന പ്രവണത ഗൗരവമായി കാണുന്നു.

3.കുറുമാത്തൂർ മിനിവ്യവസായ എസ്റ്റേറ്റിലെ 130(H),130(I) നമ്പർ മുറികൾ ശ്രീമതി ജസീറ നിസാർ,ശ്രീ നിസാർ അബ്ദുൾ റഹിമാൻ എന്നിവർക്ക് 30.09.2011 തീയതിയിലെ വാടകകരാർ പ്രകാരവും 253-ാം നമ്പർ മുറി 2.5.14 തീയതിയിലെ വാടകകരാർ പ്രകാരവും മുറിയൊന്നിന് മാസവാടക 1500/- രൂപ നിരക്കിൽ ഇന്റർലോക്ക് നിർമ്മാണ യുണിറ്റ് നടത്തുന്നതിനായി അനുവദിച്ചിരുന്നു. മാർച്ച് 2017 വരെ മുറികൾക്ക് വാടകവർദ്ധനവ് വരുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 2.03.2017 തീയതിയിലെ 177/2016-17നമ്പർ തീരുമാനപ്രകാരം ശ്രീ. എം.കെ അബ്ബാസ് എന്നയാൾക്ക് ഈ മൂന്ന് മുറികൾ കൈമാറാൻ തീരുമാനിച്ചിരുന്നു. ഇദ്ദേഹവുമായി ഏർപ്പെട്ട 11.4.2017 തീയതിയിലെ വാടക എഗ്രിമെന്റിൽ മാസവാടക 1500/- രൂപ തന്നെയാണ് നിശ്ചയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 6/15.10.2018) മറുപടിയായി 4/2017 മുതൽ ശ്രീ. എം.കെ അബ്ബാസ് എന്നവരുടെ വാടക പുതുക്കുന്നത് ഭരണസമിതിയിൽ ചർച്ച ചെയ്ത് തുടർനടപടി എടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 <u>മെറിട്ടോറിയസ് സ്കോളർഷിപ്പ്- സബ്സിഡി മാർഗ്ഗരേഖയിലുള്ളതിനേക്കാൾ അധികം തുക അനുവദിച്ചു</u>

പ്രോജക്ട് നമ്പർ : 37/18

പ്രോജക്ടിന്റെ പേര് : പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥൻ :ട്രൈബൽഎക്സ്റ്റൻഷൻ ഓഫീസർ

വകയിരുത്തിയ തുക : ₹ 250000 വികസന ഫണ്ട് എസ്.സി.പി,

₹ 250000 തനത് ഫണ്ട്

ആകെ ₹ 5,00,000

ചെലവു തുക : ₹2,50,000/- ബിൽ നമ്പർ/ തീയ്യതി: 1)2 /18:,23.08.17

₹ 2,50,000/- ടി.എസ്.ബി ചെക്ക് നം/തീയ്യതി 2852737/29.03.18

ആകെ ₹ 5,00,000

പഞ്ചായത്ത് രാജ് /നഗരപാലിക സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കലുമായി ബന്ധപ്പെട്ട സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ചുള്ള 03-04-2017 ലെ സ.ഉ(എം.എസ്)നം. 80/2017/ത.സ്വ.ഭ.വ, പ്രകാരമുള്ള മാർഗ്ഗരേഖ പ്രകാരം എഞ്ചിനീയറിംഗ് ബിരുദ വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക 20,000/- രൂപയാണ്. എന്നാൽ അഷിത എസ് ബാബു എന്ന എഞ്ചിനീയറിംഗ് ബിരുദ വിദ്യാർത്ഥിനിക്ക് 25000/- രൂപ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 12/2017-18 തീ. 15.10.18) മറുപടിയായി 2018-19 സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള തുക തെറ്റായി നൽകിപ്പോയതാണെന്നും ടി വിദ്യാർത്ഥിനി 2018-19 വർഷവും സ്കോളർഷിപ്പിന് അർഹയായതിനാൽ അധികം നൽകിയ 5000/- രൂപ 2018-19 വർഷത്തെ സ്കോളർഷിപ്പിൽ നിന്നും കുറവ് ചെയ്തുകൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ 5000/- ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പട്ടികജാതി വിഭാഗത്തിന് വേണ്ടിയുള്ള സ്പെഷ്യൽ കോമ്പോണന്റ് പ്ലാൻ ഫണ്ടിൽ നിന്നും പട്ടിക വർഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയത് ക്രമവിരുദ്ധമാണ്. 2018-19-ൽ തുക ക്രമീകരിച്ചെങ്കിൽ ആയതിന്റെ വിശദവിവരം നൽകേണ്ടതാണ്.

## 3-2 <u>കരാറുകാർ ടാർ ബിൽ ഹാജരാക്കണമെന്ന സർക്കാർ ഉത്തരവ് പാലിച്ചില്ല.</u>

തദ്ദേശ സ്വയം ഭരണവകുപ്പിൻെറ 8-11-2016 ലെ സ.ഉ.(സാധാ)നം.3649/2016 നമ്പർ ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് സ്വന്തമായി ടാർ വാങ്ങുന്ന കരാറുകാർ ഒറിജിനൽ ബിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും 2017-18 ൽ ടാറിംഗ് പൂർത്തിയാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ ടാർ ബില്ല് സമർപ്പിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ/പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | കരാറുകാരൻ | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 47/18 കുനം- കമ്പനി റോഡ് ടാറിംഗ് | 7,00,000 | ശ്രീ. കെ.പി.രാധാകൃഷ്ണൻ | 699258 |
| 2 | 67/18 മുടിക്കാനം -കുഞ്ഞപ്പാറ-പരിയാരം സ്കൂൾ റോഡ് ടാറിംഗ് | 10,00,000 | ശ്രീ. ടി. രാമകൃഷ്ണൻ | 804690 |
| 3 | 52/18 തൃച്ചംബരം-വട്ടപ്പാറ-ചെവ്വന്നൂർ റോഡ് ടാറിംഗ് | 10,00,000 | ശ്രീ. ടി. രാമകൃഷ്ണൻ | 876270 |
| 4 | 56/18 തീയ്യന്നൂർ- | 10,00,000 | ശ്രീ. ടി. രാമകൃഷ്ണൻ | 876857 |

| | | | | |
|---|---|---|---|---|
| | കുമ്മായച്ചൂള റോഡ് ടാറിംഗ് | | | |
| 5 | 55/18 ചീയ്യംപാറ-വട്ട്യാറോഡ് ടാറിംഗ് | 5,10,000 | ശ്രീ.എൻ. സി.സെബാസ്റ്റ്യൻ | 489814 |
| 6 | 59/18 ചെറുപാറ-നാപ്പ റോഡ് ടാറിംഗ് | 5,00,000 | ശ്രീ.എൻ. സി.സെബാസ്റ്റ്യൻ | 496780 |
| 7 | 44/18 ഒറ്റതൈ-പെരുമുണ്ട -ആനക്കുഴി റോഡ് ടാറിംഗ് | 10,00,000 | ശ്രീ.എൻ. സി.സെബാസ്റ്റ്യൻ | 998154 |
| 8 | 53/18 ഉദയഗിരി-തുമരക്കാട് റോഡ് ടാറിംഗ് | 10,00,000 | ശ്രീ.എൻ. സി.സെബാസ്റ്റ്യൻ | 998515 |
| 9 | 50/18 മണ്ണംകുണ്ട്-തട്ട്കുന്ന് റോഡ് ടാറിംഗ് | 10,00,000 | ശ്രീ.എൻ. സി.സെബാസ്റ്റ്യൻ | 999215 |
| 10 | 124/18മാമ്പള്ളം-കോർട്ട് -ചുള്ളിപ്പള്ളം-വേങ്കുന്ന് റോഡ് ടാറിംഗ് | 7,00,000 | ശ്രീ.എൻ. സി.സെബാസ്റ്റ്യൻ | 700000 |
| 11 | 68/18 പട്ടേരിക്കുന്ന്-ഗണപതിക്കുളംറോഡ് ടാറിംഗ് | 5,00,000 | കെ.എം സുവൽർണ്ണകുമാർ | 497382 |
| 12 | 78/18ഞാറ്റുവയൽ-വായാളം-ആലത്തട്ട് റോഡ് ടാറിംഗ് | 5,00,000 | പി.ബി.അനിൽ കുമാർ | 498154 |
| 13 | 60/18കണ്ണംകൈ- മഠംതട്ട് റോഡ് ടാറിംഗ് | 10,00,000 | പി.ബി.അനിൽ കുമാർ | 998306 |
| 14 | 49/18 തലവ്- ലഡാക്ക് മിച്ചഭൂമി റോഡ് ടാറിംഗ് | 10,00,000 | പി.ബി.അനിൽ കുമാർ | 999653 |
| 15 | 51/18 കിഴക്കേക്കര-കരിക്കച്ചാർ റോഡ് ടാറിംഗ് | 10,00,000 | ശ്രീ. പ്രത്യൂ ബാബു | 977485 |
| 16 | 61/18കണ്ണൻചിറ-കുമ്മായച്ചൂള -പേക്കാട്ടുവയൽ റോഡ് ടാറിംഗ് | 8,80,000 | ശ്രീ.ടി.പ്രഭാകരൻ | 878395 |

സർക്കാർ ഉത്തരവ് പാലിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 15/15.10.18) മറുപടി ലഭ്യമാക്കിയട്ടില്ല.

## **3-3** നെല്ലിപ്പറമ്പിൽ കളിസ്ഥലത്ത് സ്പോർട്സ് ഉപകരണങ്ങളുടെ സ്റ്റോർ റൂം നിർമ്മാണം - **14** ലക്ഷം പാഴാകുന്നു - ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

പ്രോജക്റ്റ് നമ്പർ 101/18. നെല്ലിപ്പറമ്പ് കളിസ്ഥലത്ത് സ്പോർട്സ് ഉപകരണങ്ങളുടെ സ്റ്റോർ റൂം നിർമ്മാണവും, പ്ളംബിംഗ് പ്രവർത്തികളും

അടങ്കൽ- 14,70,000

ചെലവ് 1426465 രൂപ

നിർവ്വഹണം ;.- അസി.എക്സിക്യൂട്ടീവ് എൻജിനിയർ

14 ലക്ഷം രൂപ അടങ്കലിൽ 2015-16 ൽ ആരംഭിച്ച് 22-7-2017 ലെ 66/2016-17 നമ്പർ തീരുമാനപ്രകാരം എസ്റ്റിമേറ്റ് പുതുക്കി 2017-18 ൽ പൂർത്തിയാക്കിയ ഈ പദ്ധതി പ്രകാരം ചെലവഴിച്ച 14,26,465 രൂപ പാഴായതായിട്ടാണ് കാണുന്നത്.

പരിയാരം ഗ്രാമപഞ്ചായത്തിലെ നെല്ലിപ്പറമ്പ് ഫുട്ബോൾ ഗ്രൗണ്ടിനോടനുബന്ധിച്ച് സ്പോർട്സ് ഉപകരണങ്ങളുടെ സ്റ്റോർ റൂം നിർമ്മാണവും, ഫുട്ബോൾ ഗ്രൗണ്ടിൽ പുല്ല് പിടിപ്പിക്കുന്നതിനാവശ്യമായ മോട്ടോറുകൾ സ്ഥാപിക്കുന്നതടക്കമുള്ള പ്ലംബിംഗ് പ്രവർത്തികളുമാണ് ഈ പദ്ധതിയിൽ വിഭാവന ചെയ്തിരുന്നത്. പുതുക്കിയ എസ്റ്റിമേറ്റ്പ്രകാരം അപ്പൻഡിക്സ് ബിയിൽ താഴെ ചേർക്കുന്ന ഇനങ്ങൾ ഉണ്ടായിരുന്നു.

| ക്രമനമ്പർ | എസ്റ്റിമേറ്റ് ഇനം നമ്പർ | എസ്റ്റിമേറ്റിൽ ഉൾപ്പെട്ട സാധനങ്ങൾ | ആകെ ചെലവ് |
|---|---|---|---|
| 1 | 3 | 1 HPസബ്മേഴ്സിബിൾ പമ്പ് സ്ഥാപിക്കൽ | 18135 |
| 2 | 5 | 7.5 HP മോണോബ്ലോക്ക് പമ്പ് സ്ഥാപിക്കൽ | 35000 |
| 3 | 8 | 5000 ലിറ്റർ വാട്ടർ ടാങ്ക് സ്ഥാപിക്കൽ | 49700 |
| 4 | 9 | 18 സ്പ്രിംഗ്ളറുകൾ സ്ഥാപിക്കൽ @4700 | 84600 |

പദ്ധതി നിർവ്വഹണത്തിലെ ക്രമക്കേടുകൾ താഴെ ചേർക്കുന്നു

1.) ഇതിൽ ഐറ്റം 3,8,9 എന്നിവ സ്ഥാപിച്ചതായി എം ബുക്ക് 16/16-17 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഐറ്റം നമ്പർ 5 പ്രകാരമുള്ള 7.5 HP-യുടെ മോണോബ്ളോക്ക് പമ്പിന് പകരം 2 HP-യുടെ മോട്ടോർ സ്ഥാപിച്ചതായിട്ടാണ് അളവ് പുസ്തകത്തിൽ പേജ് 2-ൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 7.5 HP യുടെ മോട്ടോർ സ്ഥാപിക്കുന്നതിന് നിശ്ചയിച്ച തുക തന്നെ അനുവദിച്ചതായി കാണുന്നു. 2 HP-യും 7 HP-യും തമ്മിലുള്ള വില വ്യത്യാസം പരിശോധിച്ച് അധികം വന്നിട്ടുണ്ടെങ്കിൽ തുക തിരിച്ചുപിടിക്കേണ്ടതാണ്.

2.) 11-10-2018-ൽ നിർവഹണോദ്യോഗസ്ഥൻെറ ഓഫീസിലെ ഓവർസിയറുടെ സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തിയപ്പോൾ സ്പോർട്സ് റൂമും, പമ്പ്ഹൗസും, സ്പ്രിംഗ്ളറുകൾ സ്ഥാപിച്ചതായി പറഞ്ഞിരിക്കുന്ന സ്ഥലമുൾപ്പെടെയുള്ള ഫുട്ബോൾ ഗ്രൗണ്ടും ചുറ്റുപാടുകളും ആർക്കും കയറാൻ കഴിയാത്തവിധം കാടുകയറികിടക്കുന്നതായിട്ടാണ് കണ്ടത് . ആർക്കും ഇതിൽ താൽപ്പര്യമില്ല എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

3.) സ്പോർട്സ് റൂമിൻെറ മുൻവാതിൽ പൂട്ടിയനിലയിലും പിൻവാതിൽ തുറന്നുകിടക്കുന്ന നിലയിലുമാണുള്ളത്. ഉൾഭാഗങ്ങളാകട്ടെ വൃത്തിഹീനമായി ഉപയോഗശൂന്യമായിട്ടുമാണ് കിടക്കുന്നത്. പമ്പ്ഹൗസാകട്ടെ വാതിൽ ഒന്നും സ്ഥാപിക്കാതെ ആർക്കും കയറാവുന്ന തുറന്ന നിലയിലും, ഉള്ളിൽ സ്ഥാപിച്ചിരിക്കുന്ന സ്വിച്ചുകളും വൈദ്യുതികണക്ഷനും തകർക്കപ്പെട്ടനിലയിലുമാണുള്ളത്. മേൽനോട്ടത്തിന് നാഥനില്ലാത്ത അവസ്ഥ.

4.) 137735 രൂപ മുടക്കി സ്ഥാപിച്ചിരിക്കുന്നതായി പറയുന്ന മോട്ടോറുകളും, സ്പ്രിംഗ്ളറുകളും സ്ഥലപരിശോധനയിൽ കാണാൻ കഴിഞ്ഞില്ല. ഇവയ്ക്കെല്ലാം എന്തു സംഭവിച്ചു എന്ന് വിശദീകരിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ഇക്കാര്യത്തിൽ യാതൊരു താൽപ്പര്യവും എടുത്തു കാണുന്നില്ല.

5.)മോട്ടോറുകളുൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വർഷത്തിൽ ഒന്നോ രണ്ടോ തവണമാത്രം ടൂർണമെന്റ്/മേളകൾ നടത്തപ്പെടാൻ സാധ്യതമാത്രമുള്ള കളിസ്ഥലമാണ് നെല്ലിപ്പറമ്പിലേത് എന്ന് എടുത്തു പറയേണ്ടതാണ്. ഈ സ്ഥലത്ത് പദ്ധതി പൂർത്തീകരണത്തിനുശേഷം എന്തെങ്കിലും തരത്തിലുള്ള പ്രോഗ്രാമുകൾ നടത്തിയതായോ, സ്റ്റോർ റൂം ഉപയോഗിച്ചതായോ കാണുന്നില്ല. പതിനാലുലക്ഷത്തിലധികം രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതിയുടെ പരിപാലനചുമതലയും ഇതുവരെ ആർക്കും കൈമാറിയതായി കാണുന്നില്ല. നിലവിലെ അവസ്ഥയിൽ മേൽ വസ്തുതകളിൽ നിന്നും പദ്ധതി പാഴ് ചെലവായി മാറി എന്ന പറയേണ്ടിയിരിക്കുന്നു. ഇതു സൂചിപ്പിക്കുന്നത് വൻ തുക ചെലവഴിച്ച് പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും ലക്ഷ്യപ്രാപ്തിക്കും അവയുടെ സംരക്ഷണത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ലായെന്നാണ്. ഇക്കാര്യങ്ങളിലേക്ക് വികസന കാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെയും, ഭരണസമിതിയുടെയും, ഭരണവകുപ്പിന്റെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ചൂണ്ടിക്കാട്ടിയ ക്രമക്കേടുകൾക്ക് രേഖകൾ സഹിതം വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്. ശരിയായ ആവശ്യത്തിൽ നിന്നുയർന്നുവരാതെ തന്നെ പദ്ധതി തുകയുടെ ചെലവ് പെരുപ്പിച്ച് കാട്ടാൻ മാത്രം യാതൊരു ഉദ്ദേശലക്ഷ്യവും ഇല്ലാതെ പദ്ധതിയുണ്ടാക്കുന്ന പ്രവണത എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്.

അപാകത സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 16/17-18)മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിലെ വീഴ്ചകൾ പരിശോധിക്കുന്നതിന് കൂടുതൽ തുടർ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. ഈ പദ്ധതികൊണ്ട് ആർക്കെങ്കിലും പ്രയോജനം ലഭിച്ചുവോ എന്നും 14 ലക്ഷം പാഴായ്പോയോ എന്നും പരിശോധിക്കേണ്ടതാണ്.

## 3-4 ഭവനനിർമാണ വായ്പാതിരിച്ചടവ് തുക യഥാസമയം വായ്പാ അക്കൗണ്ടിൽ വരവ് വെക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ ഭവനനിർമാണ പദ്ധതിയുടെ വായ്പാ തിരിച്ചടവിന് താഴെ പ്രതിപാദിക്കും പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ട്രഷറിയിൽ നിന്നും പിൻവലിച്ചദിവസം തന്നെ വായ്പാഅക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക | പിൻവലിച്ച തീയ്യതി | അടവാക്കിയ തീയ്യതി | ബാങ്ക്/അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|
| 1 | 17190363507500602206 തീ. 25.10.2017 | 700000 | 25.10.2017 | 08.10.2018 | മാടായി കോ-ഓപ്പ് ബാങ്ക് A/c 20880200000249 |
| 2 | 17190363507500508884 തീ. 28.9.2017 | 500000 | 28.9.2017 | 12.10.2018 | പാപ്പിനിശ്ശേരി കോ-ഓപ്പ് ബാങ്ക് A/c 67010296011 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 11/17-18 ന് മറുപടിയിൽ സാംഖ്യ വഴി ബിൽ തയ്യാറാക്കുമ്പോൾ സഹകരണബാങ്കുകൾക്ക് നേരിട്ട് ഫണ്ട് അയക്കാൻ നിലവിൽ സംവിധാനമില്ലാത്തതിനാൽ ബന്ധപ്പെട്ട ബാങ്കിന്റെ ദേശസാൽകൃത ബാങ്ക് അക്കൗണ്ടിലേക്കാണ് തുക ഒടുക്കുന്നത്. ആയതിനാലാണ് വ്യത്യാസം വന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനാവശ്യമായി ബാങ്കുകളോട് ആവശ്യപ്പെടുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത് ഉറപ്പുവരുത്തി പലിശ ഇനത്തിൽ സർക്കാർ ഫണ്ടിന് നഷ്ടം വരുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 സ്കോളർഷിപ്പ് വിതരണം- സർക്കാർ നിർദേശം പാലിക്കുന്നില്ല

പ്രോജക്ട് - 30/18. പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ്

നിർവഹണം-പട്ടികജാതി വികസന ഓഫീസർ

അടങ്കൽ -5,00,000

ബിൽ നമ്പർ-17190363007601048185/21.2.18---- 4,60,000

ബിൽ നമ്പർ-17190363007601093043/21.2.18---- 15,000

ഈ പദ്ധതി പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് 4,75,000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ ലിസ്റ്റിന് ബന്ധപ്പെട്ട ഗ്രാമസഭയിൽ നിന്നും സാധൂകരണം ലഭ്യമാക്കണമെന്ന് Go(MS) 80/17 തസ്വഭവ തീയ്യതി 3.4.17, ഖണ്ഡിക 11.8 ൽ നിഷ്കർഷിച്ചിട്ടുണ്ട്. ആകെയുള്ള 25 അപേക്ഷകളിൽ 3 എണ്ണം ഒഴികെ ബാക്കി 22 പേരുടെ പേരു വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പേര് | ഗ്രാമ പഞ്ചായത്ത് | തുക |
|---|---|---|---|
| 1 | വിഷ്ണു പ്രസാദ് | ചപ്പാരപ്പടവ് | 15,000 |
| 2 | വിശാൽ പ്രസാദ് | ചപ്പാരപ്പടവ് | 20,000 |
| 3 | ശ്രീഷ്മ എം | പരിയാരം | 15000 |
| 4 | ശ്രദ്ധ ടി | പട്ടുവം | 20000 |
| 5 | അഞ്ജലി പി | പട്ടുവം | 20000 |
| 6 | ദിൽന കെ | പരിയാരം | 15000 |
| 7 | വൈശാഖ് ഇ | പട്ടുവം | 20000 |
| 8 | അഖിൽ പി പി | ചെങ്ങളായി | 20000 |
| 9 | മേഘ ഒ | ചെങ്ങളായി | 15000 |
| 10 | സുജീഷ് പി | പരിയാരം | 15000 |
| 11 | രഞ്ജിത്ത് പി സി | പട്ടുവം | 15000 |
| 12 | ശരവണൻ പി | പരിയാരം | 15000 |
| 13 | അക്ഷയ് അശോക് ബി | പട്ടുവം | 20000 |
| 14 | ശരണ്യ എ കെ | ചെങ്ങളായി | 30000 |
| 15 | ശരിൻ എ കെ | ചെങ്ങളായി | 15000 |

| | | | |
|---|---|---|---|
| 16 | മിഥുന കെ | പരിയാരം | 15000 |
| 17 | കിരൺ പി | പട്ടുവം | 20000 |
| 18 | കാവ്യ | പട്ടുവം | 30000 |
| 19 | അജീഷ് സി | പരിയാരം | 20000 |
| 20 | മഞ്ജു കെ | പരിയാരം | 20000 |
| 21 | മേഘ എം | ചെങ്ങളായി | 20000 |
| 22 | കാവ്യ പി | പട്ടുവം | 15000 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/17-18ന് നൽകിയ മറുപടിയിൽ ഗ്രാമസഭ ലിസ്റ്റ് നിലവിലില്ലാത്തതിനാൽ നേരിട്ട് അപേക്ഷ ക്ഷണിച്ച് വിദ്യാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും അംഗീകാരം വാങ്ങിയ ശേഷമാണ് പദ്ധതി നടപ്പിലാക്കിയത് എന്നും ലഭ്യമായ അപേക്ഷകൾക്ക് പഞ്ചായത്ത് സാധൂകരണം നല്കിയിട്ടുണ്ട് എന്നാണ്. എന്നാൽ ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭയിൽ സാധൂകരിച്ചതായി അറിയിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പൊതുശ്മശാനം നിർമാണം - ബ്ലോക്ക് വിഹിതം നൽകിയത്- പ്രവൃത്തിപൂർത്തീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നവീകരണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം വിഹിതം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പൂർത്തീകരണം സംബന്ധിച്ച് നൽകിയ ഓഡിററ് അന്വേഷണം നമ്പർ 2/17-18-ന് നൽകിയ മറുപടി കൂടി പരിഗണിച്ചുകൊണ്ട് തയ്യാറാക്കിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ. നമ്പർ | പ്രോജക്ട് നമ്പർ | ഗ്രാമപഞ്ചായത്ത് | ബിൽ നമ്പർ/ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 15/18 | പട്ടുവം | 1719036300 7500300264 dt.26.7.17 2,00,000 | വിവരം ലഭ്യമല്ല | 2,00,000 | പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്ന മറുപടി നൽകി. എന്നാൽ ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

| | | | | | | |
|---|---|---|---|---|---|---|
| 3 | 17/18 | പരിയാരം | 1719036300 7500303187 dt.27.7.17<br>7,00,000 | ചെലവഴി ച്ചിട്ടില്ല | 7,00,000 | പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ചെലവഴിക്കാൻ സാധിച്ചിട്ടില്ല എന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. |
| 4 | 31/18 | ചെങ്ങളായി | 1719036300 7500487725 dt.23.9.17<br>10,00,000 | പൂർത്തീക രിച്ചിട്ടില്ല | 10,00,000 | ഗ്രാമപഞ്ചായത്തിന്റെ ബഹുവർഷ പ്രോജക്ട് ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |
| 5 | 69/18 | ചപ്പാരപ്പടവ് | 1719036300 7500987665 dt.8.2.18<br>2,00,000 | പൂർത്തീക രിച്ചിട്ടില്ല | 2,00,000 | ഗ്രാമപഞ്ചായത്തിന്റെ ബഹുവർഷ പ്രോജക്ട് ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

പൂർത്തീകരിക്കാത്ത പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-7 വിവിധ പദ്ധതികൾക്ക് വിഹിതം നൽകൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല.

ഗ്രാമപഞ്ചായത്തുകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് താഴെ പ്രതിപാദിക്കും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോഎന്ന വിവരം അറിയിക്കേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| ക്രമ. നമ്പർ | പ്രോജക്ട് നമ്പർ | വിഷയം | ബിൽ നമ്പർ/തുക | ചെലവാക്കിയത് | ബാക്കി |
|---|---|---|---|---|---|
| 1 | 80/18 | കുറുമാത്തൂർ പഞ്ചായത്തിലെ ബഡ്സ് സ്കൂളിന് ബ്ലോക്ക് വിഹിതം നൽകൽ | 17190363007500629393 dt.31.10.17<br>6,25,000 | 4,76,204 | 1,48,796 |
| 2 | 81/18 | കടന്നപ്പള്ളി പാണപ്പുഴ പഞ്ചായത്തിലെ | 17190363007500786833 dt.14.12.17 | 4,21,440 | 2,03,560 |

| | | | | | |
|---|---|---|---|---|---|
| | | ബഡ്സ് സ്കൂളിന് ബ്ലോക്ക് വിഹിതം നൽകൽ | 6,25,000 | | |
| 3 | 85/18 | ചപ്പാരപ്പടവ് പരിയാരം പഞ്ചായത്തുകളിലെ പകൽ വീടിന് ബ്ലോക്ക് വിഹിതം നൽകൽ(ചപ്പാരപ്പടവ്) | 17190363007500987671 dt.8.2.18 5,00,000 | വിവരം ലഭ്യമല്ല | 5,00,000 |
| 4 | 89/18 | ചെങ്ങളായി പഞ്ചായത്തിലെ മുക്കടം തോട് വികസനത്തിന് ബ്ലോക്ക് വിഹിതം നൽകൽ | 17190363007500487807 dt.23.9.17 8,00,000 | വിവരം ലഭ്യമല്ല | 8,00,000 |
| | | | | ആകെ | 16,52,356 |

പ്രവൃത്തി പൂർത്തീകരിച്ച് മുഴുവൻ തുകയുടെയും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

## 3-8 യാത്രാബത്ത മുൻകൂർ ക്രമീകരിക്കുന്നില്ല.

താഴെ വിശദമാക്കും പ്രകാരം യാത്രാബത്ത ഇനത്തിൽ മുൻകൂർ തുക അനുവദിച്ചിട്ടുണ്ട്.ആയത് ക്രമീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണംനമ്പർ- 10/17-18 ന് നൽകിയ മറുപടിയിൽ ആയത് ഉടൻ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ചെക്ക് നമ്പർ- 9542785/22-9-17 Rs. 10800/-

വൗച്ചർ നമ്പർ- 21700126/22/9/17

| ക്രമ. നമ്പർ | പേര് | ഉദ്യോഗപ്പേര് | തുക |
|---|---|---|---|
| 1 | ടി ലത | പ്രസിഡന്റ് | 1800 |
| 2 | വി പി ഗോവിന്ദൻ | വൈസ് പ്രസിഡന്റ് | 1800 |
| 3 | എം സുരേശൻ | സെക്രട്ടറി | 1800 |

| | | | |
|---|---|---|---|
| 4 | ജീജ സി | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 1800 |
| 5 | പി കെ ചിത്രലേഖ | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 1800 |
| 6 | ജോസ് ജോസഫ് | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ | 1800 |

മുൻകൂർ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സർക്കാർ ഉത്തരവു പ്രകാരം തുക പലിശ സഹിതം തിരിച്ച് പിടിക്കേണ്ടതാണ്.

## 3-9 ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

1) പ്രോജക്ട് നമ്പർ : 29/18

പ്രോജക്ടിന്റെ പേര് : ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ

നിർവഹണ ഉദ്യോഗസ്ഥൻ :ഡയറി എക്സ്റ്റൻഷൻ ഓഫീസർ

വകയിരുത്തിയ തുക : ₹ 1900000 വികസനഫണ്ട് പൊതുവിഭാഗം

ചെലവു തുക : ₹ 1900000 ബിൽ നമ്പർ/ തീയ്യതി:
1)1 /18, 27.09.17, തുക 1730000/-

2) 2/18, 27.09.17 തുക 170000/-

മേൽ ബിൽ പ്രകാരം മാറിയ തുക ബ്ലോക്ക് പഞ്ചായത്തിലെ 9 ഗ്രാമ പഞ്ചായത്തുകൾക്ക് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി നൽകിയിട്ടുണ്ട്. അതിൽ ചുവടെ ചേർത്ത പഞ്ചായത്തുകൾ അനുവദിച്ച തുക പൂർണ്ണമായി ചെലവഴിച്ചതിനുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു. ചെലവഴിക്കാത്ത തുക ഉടനടി തിരിച്ചടക്കേണ്ടതാണ്.

| ക്രമ നമ്പർ | പഞ്ചായത്ത് | അനുവദിച്ച തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|
| 3 | പട്ടുവം | 37000 | 6011 | 30989 |
| 4 | പരിയാരം | 100000 | 99592 | 408 |
| 7 | ആലക്കോട് | 360000 | 358413 | 1587 |
| 8 | ചപ്പാരപ്പടവ് | 170000 | 169758 | 242 |
| 9 | നടുവിൽ | 550000 | 549995 | 5 |

2) പ്രോജക്ട് നമ്പർ : 84/18

പ്രോജക്ടിന്റെ പേര് : ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം നൽകൽ

നിർവഹണ ഉദ്യോഗസ്ഥൻ :ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ, അഡീഷണൽ I,

വകയിരുത്തിയ തുക : ₹ 400000 വികസന ഫണ്ട് പൊതുവിഭാഗം

ചെലവു തുക : ₹ 400000 ബിൽ നമ്പർ/ തീയ്യതി: 1 /17-18, 26.10.17,

മേൽ ബിൽ പ്രകാരം മാറിയ തുക ബ്ലോക്ക് പഞ്ചായത്തിലെ പട്ടുവം,കടന്നപ്പള്ളി പാണപ്പുഴ എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബ്ലോക്ക് വിഹിതം നൽകൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി നൽകിയിട്ടുണ്ട്. പട്ടുവം ഗ്രാമ പഞ്ചായത്തിന് നൽകിയ ₹200000 ൽ ₹173300 യുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്. ബാക്കി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ, തുക തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

3) പ്രോജക്ട് നമ്പർ : 43/18

പ്രോജക്ടിന്റെ പേര് : ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ

വകയിരുത്തിയ തുക : ₹ 712500 വികസന ഫണ്ട് പൊതുവിഭാഗം

നിർവഹണ ഉദ്യോഗസ്ഥൻ :ചൈൽഡ് ഡവലപ്പ്മെന്റ് പ്രൊജക്ട് ഓഫീസർ അഡീഷണൽ 2 ആലക്കോട്

ചെലവു തുക : ₹ 712500 ബിൽ നമ്പർ/ തീയ്യതി:
1) 1 /17-18:,26.10.17, തുക 287500/-

2) 2/18,11.01.18 തുക 425000/-

മേൽ ബിൽ പ്രകാരം മാറിയ തുക ബ്ലോക്ക് പഞ്ചായത്തിലെ 4 ഗ്രാമ പഞ്ചായത്തുകൾക്ക് ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽഎന്ന പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി നൽകിയിട്ടുണ്ട്.ചപ്പാരപ്പടവ് ഗ്രാമ പഞ്ചായത്തിന് നൽകിയ ₹175000 ൽ ₹172093 യുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത് . ബാക്കി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 3-10 <u>കരാർ ഒപ്പിടാൻ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല</u>

1-2- 2012 ലെ ജി.ഒ (പി) നമ്പർ13/2012/ PWD പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് ലഭിച്ച് 14 ദിവസത്തിനകം കരാർ വയ്ക്കണമെന്നും തുടർന്നുള്ള 10 ദിവസം കരാർ തുകയുടെവരെ 1% പിഴ ഈടാക്കണമെന്നും വ്യവസ്ഥ ഉണ്ടെങ്കിലും കരാർ ഒപ്പിടുന്നതിൽ കാലതാമസം വരുത്തിയ താഴെ ചേർക്കുന്ന മരാമത്ത് പ്രവർത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കിയതായി കാണുന്നില്ല.

1)പ്രൊജക്ട് നം 56/18 തീയന്നൂർ കുമ്മായച്ചൂള റോഡ് ടാറിംഗ് പ്രവൃത്തി

നിർവ്വഹണം ;അസി.എഞ്ചിനീയർ

കരാറുകാരൻ..ശ്രീ.ടി.രാമകൃഷ്ണൻ എഗ്രി. AEE/TPBA/02/2017-18, 23.12.2017
പി.എ.സി. – 894754 രൂപ

ബിൽ നമ്പർ – 8/17-18 തിയതി 28-2-2018, 8,00,000 രൂപ

പത്ത് ലക്ഷം രൂപ എസ്റ്റിമേറ്റുള്ള പ്രവൃത്തി 25.11.17 ലെ 82/17-18 -ാം നമ്പർ തീരുമാനപ്രകാരം 894754/- രൂപയ്ക്കുള്ള ശ്രീ ടി രാമകൃഷ്ണന്റെ ടെണ്ടർ അംഗീകരിച്ച് 29-11-17 ൽ സെലക്ഷൻ നോട്ടീസ് നൽകി. നോട്ടീസ് പ്രകാരം 15.12.17 വരെ പിഴയില്ലാതെയും 23.12.17 വരെ 1% പിഴയോടുകൂടിയും കരാർ

ഒപ്പിടാമെന്നായിരുന്നു.കരാറുകാരൻ 23.12.17-നാണ് കരാർ ഒപ്പിട്ടിരിക്കുന്നത് എങ്കിലും, എഗ്രിമെന്റ് കാലതാമസത്തിന് കരാർ തുകയുടെ (894754) ഒരു ശതമാനമായ 8948 രൂപ പിഴയായി ഈടാക്കിയിട്ടില്ല .

2. പ്രൊജക്റ്റ് നം 92/18 വിവിധ പാടശേഖര സമിതികൾക്ക് കാർഷികയന്ത്ര സാമഗ്രികൾ സൂക്ഷിക്കാൻ ഷെഡ് നിർമ്മാണം

നിർവ്വഹണം. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ

എഗ്രി. നം. AEE/LSGD/09/16-17 തിയതി 12-1-2017

കരാറുകാരൻ. ശ്രീ. രഞ്ജിത്ത് എം.വി.
പി.എ.സി. – 839858

ബിൽ നമ്പർ 12/17-18 തിയതി 15-2-2018 282426 രൂപ

പത്ത് ലക്ഷം എസ്റ്റിമേറ്റുള്ള പ്രവൃത്തി 23.12.16 ലെ 152/16-17 നമ്പർ തീരുമാനപ്രകാരം 839857.76 രൂപയ്ക്കുള്ള ശ്രീ രൻജിത്ത് എം.വിയുടെ ടെണ്ടർ അംഗീകരിച്ച് 30.12.16 ൽ സെലക്ഷൻ നോട്ടീസ് നൽകി. നോട്ടീസ് പ്രകാരം 6.1.17 വരെ പിഴയില്ലാതെയും 12.1.17 വരെ 1% പിഴയോടുകൂടിയും കരാർ ഒപ്പിടാമെന്നായിരുന്നു.12.1.17 നാണ് കരാറുകാരൻ എഗ്രിമെന്റ് ഒപ്പിട്ടിരിക്കുന്നത് എങ്കിലും, എഗ്രിമെന്റ് കാലതാമസത്തിന് കരാർ തുകയുടെ (839858) ഒരു ശതമാനമായ 8399 രൂപ പിഴയായി ഈടാക്കിയിട്ടില്ല.

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും കാലതാമസത്തിനുള്ള പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബന്ധപ്പെട്ട കരാറുകാരിൽ നിന്നും എഗ്രിമെൻറ് കാലതാമസത്തിന് നിയമാനുസൃതമായി ഈടാക്കേണ്ട പിഴ ഈടാക്കേണ്ടതാണ്. അല്ലായെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്

## **3-11** സംയുക്ത പ്രൊജക്റ്റ്-ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ വിഹിതം പ്രസ്തുത പദ്ധതിക്കായി വിനിയോഗിക്കാനോ അല്ലാത്തപക്ഷം തിരിച്ചടക്കാനോ നിർദേശം നൽകേണ്ടതാണ്.

2017-18 വർഷത്തിൽ കൃഷി അസിസ്റ്റന്റ് ഡയരക്ടർ നിർവ്വഹണോദ്യോഗസ്ഥനായി തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് സംയുക്തപ്രൊജക്റ്റുകളുടെ നടത്തിപ്പിനായി തുക നൽകിയിട്ടുണ്ട്. എന്നാൽ ചില ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ച മുഴുവൻ തുകയും നാളിതുവരെയായി വിനിയോഗിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നം | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ | ബിൽ നം തീയ്യതി/തുക | തുക കൈപ്പറ്റിയ സ്ഥാപനം | വിനിയോഗിച്ച തുക | വിനിയോഗിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 1 | 32/18 | നെൽകൃഷിക്ക് കൂലി ചെലവ് | ₹ | 1/2017-18/ | സെക്രട്ടറി ചെങ്ങളായി | ഇല്ല. | ₹ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | സബ്സിഡി വിഹിതം നൽകൽ (വിവിധ പഞ്ചായത്തുകൾ) | 1,24,62,500 | തീയതി 31/7/2017 ₹1,25,000 | ഗ്രാമ പഞ്ചായത്ത്. (അക്കൗണ്ട് നം.7190514 00000003) | | 125000 |
| 2 | 35/18 | കാർഷിക യന്ത്രവത് കരണം | ₹20,82,000 | 2/2017-18/ തീയ്യതി. 27.9.2017 ₹72,000 | സെക്രട്ടറി പട്ടുവം ഗ്രാമ പഞ്ചായത്ത്. (അക്കൗണ്ട് നം.7990114 00001229) | ₹ 61960 | ₹ 10040 |

ബ്ലോക്ക് പഞ്ചായത്ത് ഗ്രാമപഞ്ചായത്തിന് നൽകിയ തുക വിനിയോഗിക്കാത്തതിന് കാരണം അന്വേഷിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(4/17-18 തീയതി 09-10-2018) മറുപടിയായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ച മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചെങ്ങളായി ഗ്രാമപഞ്ചായത്ത് പ്രസ്തുത വർഷം തുക മുഴുവനും വിനിയോഗിക്കാൻ സാധിച്ചിട്ടില്ലെന്നും സ്പിൽ ഓവർ പദ്ധതിയായി 2018-19 വർഷം നടപ്പിലാക്കി വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പട്ടുവം ഗ്രാമപഞ്ചായത്തിന് ലഭിച്ച മുഴുവൻ തുകയും വിനിയോഗിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക ആയതിന് തന്നെ വിനിയോഗിച്ച് സാക്ഷ്യപത്രം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 45,00,000 | നടുവിൽ പ്രീമെട്രിക് ഹോസ്റ്റൽ അടിസ്ഥാന സൗകര്യം | -- | 45,00,000 |
| ചെങ്ങളായി ഗ്രാമപഞ്ചായത്ത് | 2017-18 | 7,84,000 | ചെങ്ങളായി അരങ്ങൂർ പാലം | -- | 7,84,000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

വാർഷിക കണക്കിലെ ഷെഡ്യൂൾ ബി-5 പ്രകാരം ഈ ഇനത്തിൽ 61 ലക്ഷം രൂപ ബാധ്യതയായി ഉണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിന് ഇതേപ്പറ്റി യാതൊരു ധാരണയും ഇല്ലാത്തതിനാൽ വിശദ വിവരണം നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദവിവരങ്ങൾ നൽകേണ്ടതും ശരിയാണെങ്കിൽ തുക തിരിച്ചടക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതുമാണ്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 17 | 2004-05 | 3.13.II.2 | സർക്കാർ നിർദേശത്തിന് വിരുദ്ധമായ ചെലവ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 118586477 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 114832629 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 17347 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-10 | | 17347 (പിഴ) | സജീവൻ കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഡി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 3-3 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സജീവൻ കെ<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസി.എഞ്ചിനീയർ | ബെൽമെയർ ഡൈനാസ്റ്റി<br>കക്കാട് റോഡ്, കണ്ണൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽഎഫ്/കെഎൻആർ/ഡി2/1071/12(1) 30-06-2012 | 6 |
| 2002-03 | എൽഎഫ്/കെഎൻആർ/ഡി2/1071/12(2) 30-06-2012 | 7 |
| 2003-04 | എൽഎഫ്/കെഎൻആർ/ഡി2/1071/12(3) 30-06-2012 | 6 |
| 2004-05 | എൽഎഫ്/കെഎൻആർ/ഡി2/1071/12(4) 30-06-2012 | 3 |
| 2005-06 | എൽഎഫ്/കെഎൻആർ/ഡി2/1071/12(5) 30-06-2012 | 4 |
| 2006-07 | എൽഎഫ്/കെഎൻആർ/ഡി2/1071/12(6) 30-06-2012 | 2 |
| 2007-08 | എൽഎഫ്/കെഎൻആർ/ഡി2/1071/12(7) 30-06-2012 | 5 |
| 2008-09 | എൽഎഫ്/കെഎൻആർ/സി4/ 490/2012 19-12-2012 | 7 |
| 2009-10 | എൽഎഫ്/കെഎൻആർ/സി4/490/2012 19-12-2012 | 9 |
| 2010-11 | എൽഎഫ്/കെഎൻആർ/സി4/490/2012 19-12-2012 | 10 |
| 2011-12, 2012-13 | എൽഎഫ്/കെഎൻആർ/ഡി1/1995/2014 18-12-2014 | 6 |
| 2013-14, 2014-15 | എൽഎഫ്/കെഎൻആർ/ഡി.1/475/16 19-05-2016 | 25 |
| 2015-16 | കെ.എസ്.എ.കെ.എൻ.ആർ-സി3/304 /2017,തീ.23.3.2017 | 12 |
| 2016-17 | കെ.എസ്.എ./കെ.എൻ.ആർ./സി.3/1835 /2017 തീ. 20.11.2017 | 14 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ./കെ.എൻ.ആർ./സി.3/1928/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഫോൺ: 0497 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in
തീയ്യതി: 10.12.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) , 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

## റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

Thalipparamba Block Panchayat

Receipt and Payment Statement for the period from 01-04-2017 to 31-03-2018

| Code. No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 130000000 | Rental Income from Panchayath properties | RP-3 | 1118.00 |
| 140000000 | Fees and User Charges | RP-4 | 96716.00 |
| 150000000 | Sale & Hire Charges | RP-5 | 48649.00 |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions, and compensations | RP-7 | 53297268.00 |
| 171000000 | Interest Earned | RP-9 | 93001.00 |
| 320000000 | Grants, Funds, and contribution for specific purposes | RP-31 | 63012478.00 |
| 350000000 | Other Liabilities | RP-36 | 486559.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 340000000 | Deposits Received | RP-34 | 208894.00 |
| 350000000 | Other Liabilities | RP-36 | 50045.00 |
| 420000000 | Investments | RP-41 | 0.0 |
| 431000000 | Sundry Debtors<br>(Receivables) | RP-43 | 704303.00 |
| 460000000 | Loans, Advances & Deposits | RP-47 | 587446.00 |
| | Grand Total | | 140005200.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2353637.00 |
| 220000000 | Administrative Expenses | RP-12 | 2749147.00 |
| 230000000 | Operations and Maintenance | RP-13 | 149583.00 |
| 250000000 | Decentralised Plan Programme – Productive Section | RP-15 | 13739370.00 |
| 251000000 | Decentralised Plan Programme – Service Sector | RP-16 | 56621664.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme – Infrastructure Sector | RP-17 | 361598.00 |
| 253000000 | Decentralised Plan Programme – Project not included in sector division | RP-18 | 98913.00 |
| 255000000 | Maintenance Projects | RP-20 | 3698739.00 |
| 280000000 | Prior Period Item | RP-26 | -141361.00 |
| 320000000 | Grants, Funds, and contributions for specific purposes | RP-31 | 0.0 |
| 350000000 | Other Liabilities | RP-36 | 179682.00 |
| | Non Operating | | |
| 240000000 | Interest Finance Charges | RP-14 | 110.00 |
| 330000000 | Secured Loans | RP-32 | 1200000.00 |
| 340000000 | Deposits Received | RP-34 | 763275.00 |
| 350000000 | Other Liabilities | RP-36 | 27673.00 |
| 410000000 | Fixed Assets | RP-38 | 4610695.00 |
| 412000000 | Capital Working Progress | RP-40 | 14978364.00 |
| 431000000 | Sundry Debtors<br>(Receivables) | RP-43 | 13441540.00 |
| | Closing Balance | | |
| Bank | Bank | RP-40 (b) | 25172571.00 |
| Cash | Cash | RP-40 (b) | 0.0 |
| | Grand Total | | 140005200.00 |

# അനുബന്ധം-2-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Thalipparamba Block Panchayat

INCOME & EXPENDITURE STATEMENT For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 802118.00 |
| 140000000 | Fee & User Charges | I-4(b) | 96716.00 |
| 150000000 | Sale & Hire Charges | I-5(b) | 48649.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 83474968.00 |
| 171000000 | Interest Earned | I-8 | 93001.00 |
| 180000000 | Other Income | I-9 | 0.0 |
| | Total Income | 84515452.00 | |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2045245.00 |
| 220000000 | Administrative Expenses | I-11(b) | 2749147.00 |
| 230000000 | Operations & Maintenance | I-12(b) | 723666.00 |
| 240000000 | Interest & Finance Charges | I-13 | 110.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 14013117.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 56621664.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 12124678.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I-14(c) | 98913.00 |
| 255000000 | Maintenance Projects | I-14(e) | 3698739.00 |
| 272000000 | Depreciation | I-17(a) | 3495695.00 |
| | Total Expenditure | 95570974.00 | |
| | Gross Surplus/ Deficit of income over Expenditure | -11055522.00 | |
| 280000000 | Prior Period Item | I-18 | 5351609.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | -16407131.00 | |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3

ബാലൻസ് ഷീറ്റ്
Thalipparamba Block Panchayat
BALANCE SHEET as on 31.03.2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |

| | | | |
|---|---|---|---|
| 310000000 | Panchayat / Municipal Fund | B-1 | 7955527.00 |
| 312000000 | Reserves | B-3 | 72588600.00 |
| | Total Reserve & Surplus | 80544127.00 | |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 22390453.00 |
| | Total Grants, Contributions for Specific Purposes | 22390453.00 | |
| | Loans | | |
| 330000000 | Secured Loans | B-5 | 6100000.00 |
| | Total Loans | 6100000.00 | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 317767.00 |
| 350000000 | Other Liabilities | B-9 | 382724.00 |
| | Total Current Liabilities and Provisions | 700491.00 | |
| | TOTAL LIABILITIES | 109735071.00 | |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 87395311.00 |
| 411000000 | Accumulated Depreciation | B-11 | -17615510.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11(a) | 800000.00 |
| | Total Fixed Assets | 70579801.00 | |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | 0.0 | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 13973649.00 |
| 450000000 | Cash and Bank Balance | B-17 | 25172571.00 |
| 460000000 | Loand, Advances and Deposits | B-18 | 9050.00 |
| | Total Current Assets, Loans and Advances | 39155270.00 | |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | | | |
| | TOTAL ASSETS | 109735071.00 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.